# പെൺകരുത്ത്

# കുടുംബശ്രീ


**സി.ഡി.എസ്സ് ചെയർ പേഴ്സൺ**
**ശ്രീമതി. വിചിത്ര**

**സി.ഡി.എസ്സ് അക്കൻണ്ടന്റ് – ശ്രീമതി. ദീപ**

**ബ്ലോക്ക് കോ-ഓർഡിനേറ്റർ**
**ശ്രീമിത. അനീഷ. ആർ. എൽ**


# തിരുപുറം സി.ഡി.എസ്സ്

# കോവിഡ്കാല പ്രവർത്തനങ്ങൾ

**ആമുഖം:**

തിരുപുറം ഗ്രാമപഞ്ചായത്ത് തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പാറശ്ശാല ബ്ലോക്കിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്താണ്. വടക്ക് അതിയനൂർ ഗ്രാമപഞ്ചായത്തും തെക്ക് പൂവാർ ഗ്രാമപഞ്ചായത്തും, പടിഞ്ഞാറ് കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തും കിഴക്ക് നെയ്യാറും അതിരുകളാകുന്നു. ഗ്രാമപഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും പിന്നോക്ക ക്കാരും ചെറുകിട കർഷകരും കർഷക തൊഴിലാളികളുമാണ്.

ഒരുകാലഘട്ടത്തിൽ അകത്തളത്തിൽ കഴിഞ്ഞിരുന്ന സ്ത്രീകൾ സമൂഹ മദ്ധ്യത്തി ലേക്ക് കടന്നുവരുകയും ഒരു നല്ല ജീവിതം കെട്ടിപ്പെടുക്കുവാനും സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലേയ്ക്ക് പ്രവേശിക്കുവാനും സ്ത്രീകൾക്ക് കഴിഞ്ഞത് കുടുംബ ശ്രീ എന്ന പ്രസ്ഥാ നത്തിലൂടെയാണ്. കുടുംബശ്രീ എന്ന പ്രസ്ഥാനം തുടങ്ങി 22 വർഷങ്ങൾ പിന്നിടുമ്പോൾ CDS- ൽ നടന്ന പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടതാണ്. ഇതിനിടയിൽ നാം പല മഹാവിപത്തുകളെയും നേരിടുകയുണ്ടായി എങ്കിലും കോവിഡ് പോലൊരു മഹാവിപ ത്തിനുമുന്നിൽ അല്പം പോലും തളരാതെ പിടിച്ചു നിൽക്കാൻ കേരളത്തിലെ ഗവൺമെന്റി നൊടപ്പം അണി ചേരാൻ തിരുപുറം CDSനും കഴിഞ്ഞു എന്നത് പ്രശംസനീയമാണ്.

## സംഘടനാ സംവിധാനം

ഏതൊരു പ്രസ്ഥാനത്തിന്റെയും കരുത്ത് അതിന്റെ സംഘടനാ സംവിധാനം തന്നെ യാണ് 187 അയർ കൂട്ടമാണ് കുളത്തൂർ CDS- ൽ ഉള്ളത്. ഇതിൽ 2692 കുടുംബങ്ങളും ഉൾപ്പെടുന്നുണ്ട്. കോവിഡ് കാലത്ത് സംഘടനാ സംവിധാനത്തിലും ചില പ്രവർത്തന ങ്ങൾ നടക്കുകയുണ്ടായി. അതിൽ എടുത്തുപറയേണ്ട ഒന്നാണ് വാട്സ് അപ് ഗ്രൂപ്പ് രൂപീ കരണം. ഗവൺമെന്റിന്റെ നിർദ്ദേശങ്ങളും അറിയിപ്പുകളും അതുപോലെ തന്നെ താഴെത ട്ടിലും എത്തിക്കുന്നതിനായി എല്ലാ CDSലും അതുപോലെ 162 അയൽക്കൂട്ടത്തിലും വാട്സ് അപ് ആപ്പുകൾ ആരംഭിക്കുകയുണ്ടായി. അത് ഇന്നും കാര്യക്ഷമമായ രീതിയിൽ പ്രവർത്തി ക്കുന്നുമുണ്ട്. മാർച്ച് അവസാനവാരങ്ങളിൽ കൂടിയ അൽക്കൂട്ടങ്ങളിൽ യോഗങ്ങളിൽ കോവിഡിന്റെ പ്രതിരോധ പ്രവർത്തനങ്ങൾ ചർച്ചചെയ്യുകയുണ്ടായി. അതുപോലെ തന്നെ എടുത്തുപറയേണ്ട ഒന്നാണ് 'ഉണർവ്വ്' കോവിഡ് കാലത്ത് സ്ത്രീ ഹൃദയങ്ങളിൽ അടിച്ച മർത്തപ്പെട്ട സർഗ്ഗ വാസനയെ പുറത്തുകൊണ്ടുവരുന്നതിനായി നടത്തിയ ഈ പരിപാടി യിൽ തിരുപുറം CDSലെ മിക്ക വിട്ടമ്മമാരും പങ്കെടുക്കുകയുണ്ടായി.

## അഗതിരഹിത കേരളം

അഗതി രഹിതകേരളം പദ്ധതിയിൽ ഉൾപ്പെട്ടവയോ ജനങ്ങൾക്ക് ഒരു നേരത്തെ ഭക്ഷണം, അവശ്യമായ വൈദ്യസഹായം എന്നിവ നൽകുന്നതിൽ പഞ്ചായത്തിനൊടൊപ്പം തന്നെ കുടുംബശ്രീ പ്രവർത്തകരും പങ്കാളികളായി.




## ഹരിതകർമ്മ സേന

കോറോണ കാലത്ത് വീടുകളിൽ ജനങ്ങൾ കഴിഞ്ഞപ്പോഴും സമൂഹത്തിന്റെ മാലി ന്യങ്ങൾ തുടച്ചുമാറ്റാൻ ഹരിതകർമ്മ സേന മുന്നിട്ടിറങ്ങുകയും തങ്ങളാൽ കഴിയുന്ന സഹാ യങ്ങൾ നൽകുകയും ചെയ്തു.



# ABC പ്രവർത്തനം

കോവിഡ് കാലത്ത് നാം പലരും മറന്നുപോയ മിണ്ടാപ്രാണികളായ തെരുവ് നായകൾക്ക് ഒരു നേരത്തെ അന്നം നൽകാൻ ABC പ്രവർത്തകർ മുന്നിലുണ്ടായിരുന്നു.



## ബാല സഭ

കോവിഡ് കാലത്ത് ഏറ്റവും ദുരിതമനുഭവിച്ചത് നമ്മുടെ കുട്ടികൾ തന്നെയാണ്. അവർക്ക് മാനസിക ഉല്ലാസത്തിനായി വീടുകളിൽ തന്നെ ചെയ്യാവുന്ന ചെറിയ ചില ചലഞ്ചുകൾ നൽകി അത് CDSന്റെ വാട്സ് അപ് ഗ്രൂപ്പിൽ ഇടുകയും ചെയ്തു.






## ബഡ്സ് സ്കൂൾ കലാകായിക വിനോദങ്ങൾ

നമ്മുടെ കുട്ടികളെപ്പോലെ തന്നെ ബഡ്സ് സ്കൂളിലെ കുട്ടികൾക്കും ചില കലാകായിക വിനോദങ്ങൾ നൽകുന്നതിൽ പഞ്ചായത്ത് ഒട്ടും തന്നെ പിന്നിലല്ല. ഈ കൊറോണ കാലത്തും അവർക്ക് ആവശ്യമായ എല്ലാ പിൻത്തുണയും കുടുംബശ്രീയോടൊപ്പം തന്നെ ബഡ്സ് സ്കൂൾ ടീച്ചറും നൽക്കുകയുണ്ടായി.



## മാസ്ക് നിർമ്മാണം

ജില്ലാമിഷൻ CDS എത്തിച്ച് നൽകിയ തുണിയിൽ മാസ്ക് നിർമ്മിച്ച് മിഷന് തന്നെ തിരിച്ചുകൊടുത്തതാണ് ആദ്യ പ്രവർത്തനം അതിനെ തുടർന്ന് പഞ്ചായത്തിലേക്ക് ആവശ്യമായ മാസ്ക് തച്ച്കൊടുത്തു. അതുപോലെ തന്നെ എല്ലാ വാർഡിലും വീടുകൾ തോറും മാസ്ക് തച്ച് കൊടുക്കുകയും ചെയ്തു. കോറന്റയിൽ കിടന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കും സൗജന്യമായി മാസ്ക് തച്ച് വീക്കിൽ എത്തിക്കുന്നതിൽ അയൽക്കൂട്ട അംഗങ്ങൾ ഒരു മടിയും കാണിച്ചില്ല. അതുകൊണ്ട് തന്നെ തൊഴിലുറപ്പിലേയ്ക്കാവശ്യമായ ഓർഡർ മുഴുവൻ പഞ്ചായത്ത് ഈ യൂണിറ്റുകൾക്ക് തന്നെ നൽക്കുകയുണ്ടായി.



## Break the Chain

പഞ്ചായത്ത് തലത്തിൽ നടത്തിയ ബ്രേക്ക് ദി ചെയിൻ വീടുകളിലും നടപ്പിലാക്കുന്നതിനായി വീടുകൾ തോറും സോപ്പ്, സാനിട്ടെറിസർ എന്നിവ എത്തിച്ച് നൽകിയത് കുടുംബശ്രീ വനിതകളാണ്. ഇതിനാവശ്യമായ സോപ്പുകൾ കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിച്ചവയാണ്.

## കോവിഡ് കാല ശുചീകരണം

പഞ്ചായത്തിന്റെ സഹായത്തോടെ വീടും പരിസരവും ശുചിയാക്കുന്ന പ്രവർത്തനം നടക്കുകയുണ്ടായി. അതിലും CDS അംഗങ്ങളും ADS ഭാരവാഹികളും ഒരു മടിയും കൂടാതെ പങ്കുചേർന്നു. ശുചികരണത്തിനായി ആദ്യം തിരഞ്ഞെടുത്തത് തീരദേശ വാർഡുകളാണ്.

## മൈക്രോഫിനാൻസ്

മുഖ്യമന്ത്രി നൽകിയ സഹായഹസ്തം CMHLS Loan തന്നെയാണ് മൈക്രോഫിനാൻസിൽ എടുത്ത് പറയേണ്ടത്. ഇതിനായി 119 ഗ്രൂപ്പുകളെ തിരഞ്ഞെടുക്കുകയും ജില്ലാ മിഷൻ നൽകിയ 11069238 കോടി രൂപ അനുവദിക്കുകയും അവരുടെ അപേക്ഷകൾ ബാങ്കിൽ നൽക്കുകയും അതിൽ 15 അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് ലോൺ നൽക്കുകയും ചെയ്തു.

## കമ്യൂണിറ്റി കിച്ചൻ

കോവിഡ് കാലത്ത് ഒരുനേരത്തെ ഭക്ഷണത്തിനുപോലും വകയില്ലാതെ കഴിയുന്നവർക്ക് ഒരുനേരത്തെ ഭക്ഷണം എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതിയ്ക്ക് പഞ്ചായത്തിനോടൊപ്പം കൈകോർത്തത് കുടുംബശ്രീ പ്രവർത്തകരാണ്. അതിന് തങ്ങളാൽ കഴിയുന്ന എല്ലാ സഹായവും നൽകിയത് കുടുംബശ്രീ അംഗങ്ങളാണ്.

## ജനകീയ ഹോട്ടൽ

കേരള ഗവൺമെന്റിന്റെ പൂർണ്ണ പിൻതുണയോടെ ആരംഭിച്ച ഒരു കുടുംബ ശ്രീ സംരംഭമായ ജനകീയ ഹോട്ടൽ ഈ CDS ലും ആരംഭിക്കുകയും അത് വളരെ വിജയകരമായി ഇന്നും നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

## ജെ.എൽ.ജി. പ്രവർത്തനം

സാമൂഹിക അടുക്കളയിലേയ്ക്ക് വേണ്ട പച്ചക്കറികൾ മുഴുവൻ നൽകിയത് ഞങ്ങളുടെ ജെ.എൽ.ജി. കർഷകരാണ് കൂടാതെ രുചിയോർമ്മ എന്ന പാചകക്കുറിപ്പ് മത്സരവും ഇവിടെ നടക്കുകയുണ്ടായി.

ചുരുക്കത്തിൽ കോവിഡ് കാലത്ത് തങ്ങളുടെതായ ചില പ്രവർത്തനങ്ങൾ നടത്തി എന്നും മുന്നിൽ തന്നെയാണ് തിരുപുറം സി.ഡി.എസ്.